ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി-നടുവാൻ റോഡിന്റെ പണി

130 [170] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ശ്രീകണ്ഠപുരം ചെമ്പന്തൊട്ടി-നടുവാൻ റോഡിന്റെ ഒന്നാമത്തെ റീച്ചിന്റെ പണി എന്നാണ് പൂർത്തിയായതെന്നും ഇതിന് എത്രരൂപ ചെലവായെന്നും വ്യക്തമാക്കാമോ ;

(ബി) ഈ റോഡിന്റെ പണിക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ ;

(സി) ഈ റോഡിന്റെ രണ്ടാമത്തെ റീച്ചിന്റെ പണി ടെണ്ടർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഒന്നാമത്തെ റീച്ചിന്റെ പണി 23-5-1985-ൽ പൂർത്തിയായി. ഈ പണിക്ക് ഇതുവരെ 9,03,593 രൂപ ചെലവായിട്ടുണ്ട്.

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാതെ വർക്ക് ആരംഭിക്കുവാൻ തന്നെ സാധ്യമല്ലല്ലൊ.

(സി) ഇല്ല.

(ഡി) എം. എൽ. എ. മാരുടെ രണ്ടു റോഡു പദ്ധതിയിൽ ഉൾപ്പെടാത്ത പണികൾ പ്രയോറിറ്റി നിശ്ചയിച്ചു നടത്താനാണ് ഉദ്ദേശിക്കുന്നത്. പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞിട്ടില്ല.

കുളത്തിപ്പടി-വാലുപാറ റോഡ്

131 [174] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ റാന്നി നിയോജക മണ്ഡലത്തിൽ ഉള്ള എം. എൽ. എ. റോഡിൽ ഉൾപ്പെട്ട കുളത്തിപ്പടി-വാലുപ്പാറ റോഡ് പൊതുമരാമത്തു വകുപ്പ് ഏറെടുത്തു കഴിഞ്ഞുവോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ റോഡ് പൊതുമരാമത്തു വകുപ്പ് ഏറെടുത്തിട്ടില്ല.

(ബി) പഞ്ചായത്തു റോഡ് പൊതുമരാമത്തു വകുപ്പ് ഏറെടുക്കുന്നതിന് ആവശ്യമായിട്ടുള്ള നിബന്ധനകൾ ഈ റോഡിനെ സംബന്ധിച്ചിടത്തോളം പാലിക്കപ്പെട്ടിട്ടില്ലാത്തതാണ് കാരണം.

സീതത്തോട്-ഗുരുനാഥൻ മണ്ണ് റോഡിന്റെ പണി

132 [175] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സഭയം മറുപടി നൽകുമോ :

പത്തനംതിട്ട ജില്ലയിൽപ്പെട്ട റാന്നി നിയോജക മണ്ഡലത്തിലെ സീതത്തോട്-ഗുരുനാഥൻ മണ്ണ് റോഡിന്റെ പണി എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly